**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2729** **06-10-2025 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിൽ നിരന്തരമായി ഉണ്ടാകുന്ന വൈദ്യുതി പ്രശ്നങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് മലപ്പുറം പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (എ) | വിതരണ മേഖലയിൽ കോട്ടയ്ക്കൽ മണ്ഡലത്തിലെ വിവിധ ഭാഗങ്ങളിലെ വൈദ്യുതി പ്രശ്നങ്ങളും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് മലപ്പുറം പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി 11.75 കോടി രൂപയുടെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തി, 1.7 കോടി രൂപയുടെ 11 കെ.വി. ഭൂഗർഭ കേബിൾ സ്ഥാപിക്കൽ, 1.13 കോടി രൂപയുടെ 11 കെ.വി. കവചിത കണ്ടക്ടർ സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 2024-2025 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത പ്രവൃത്തികൾ ജി.എസ്.ടി., centage തുടങ്ങിയ ചാർജ്ജുകൾ കരാർ തുകയിൽ [PAC (Probable Amount of Contract)] ഉൾക്കൊള്ളിക്കുന്നതിൽ ചില വ്യതിയാനങ്ങൾ കണ്ടെത്തുകയും 26/04/2025-ൽ ടെൻഡറുകൾ റദ്ദാക്കേണ്ട അവസ്ഥയിലേക്ക് പോവുകയുമാണ് ഉണ്ടായതെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.<br><br>PAC (Probable Amount of Contract) കണക്കാക്കുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ 04.08.2025-ലെ ഉത്തരവ് B.O. (FTD) No.464/2025 (Dyuthi 24-25 Mission Summer 25-Part (1), Thiruvananthapuram പ്രകാരം PWD-യിൽ നിന്നുള്ള മെമ്പറെ കൂടി ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചു. ടി കമ്മിറ്റി യോഗം ചേർന്ന് നിശ്ചയിച്ച മാനദണ്ഡങ്ങൾ ബോർഡ് അംഗീകരിച്ചതിനെത്തുടർന്ന് പ്രവൃത്തികൾ ടെൻഡർ ചെയ്ത് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കോട്ടക്കൽ മണ്ഡലത്തിലെ വൈദ്യുതി ആവശ്യം പൂർണ്ണമായും നിറവേറ്റുന്നതിനായി പ്രസരണ വിഭാഗം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ പുരോഗതിയും ഓരോന്നിന്റെയും നിലവിലെ സ്ഥിതിയും | (ബി) | കോട്ടക്കൽ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. പ്രസരണ വിഭാഗം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ പുരോഗതിയും നിലവിലെ സ്ഥിതിയും താഴെ കൊടുത്തിരിക്കുന്നു: |

വിശദമാക്കാമോ; പദ്ധതികൾ എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷൻ</u>** - കോട്ടക്കൽ മണ്ഡലത്തിലെ മരവട്ടം കാടാമ്പുഴ 110 കെ.വി. സബ്സ്റ്റേഷന്റെ ചുറ്റുമതിൽ, ഗേറ്റ് നിർമ്മാണം എന്നിവ പൂർത്തിയായി. സബ്സ്റ്റേഷൻ യാർഡിലെ ഉപകരണങ്ങളുടെ ഫൗണ്ടേഷൻ നിർമ്മാണവും കൺട്രോൾ റൂം നിർമ്മാണവും പുരോഗമിക്കുന്നു. സബ്സ്റ്റേഷൻ യാർഡിൽ ട്രാൻസ്ഫോർമർ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ സ്ഥാപനം, കൺട്രോൾ റൂം നിർമ്മാണം, 11 കെ.വി. പാനലുകളുടെ സ്ഥാപനം, കേബിൾ കണക്ഷനുകൾ തുടങ്ങിയ പ്രധാന പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. 2025 ഡിസംബർ അവസാനത്തോടെ ഒരു ട്രാൻസ്ഫോർമർ പ്രവർത്തനക്ഷമമാക്കി 2 ഫീഡറുകളിൽ വൈദ്യുതി നൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു. ടി സബ്സ്റ്റേഷനായുള്ള 5 കീ.മീ. ലൈനിന്റെ നിർമ്മാണം 100% പൂർത്തീകരിച്ചു.

**<u>110 കെ.വി. എടയൂർ സബ്സ്റ്റേഷൻ-</u>** കോട്ടക്കൽ മണ്ഡലത്തിൽ വിഭാവനം ചെയ്ത 110 കെ.വി. എടയൂർ സബ്സ്റ്റേഷനു വേണ്ടി മാവണ്ടിയൂർ പ്രദേശത്ത് ലഭ്യമാക്കുമെന്ന് കരുതിയ ഭൂമി തരം മാറ്റാൻ കഴിയാത്ത സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ. ലിമിറ്റഡിന് ലഭ്യമായിട്ടില്ല എന്നും പുതിയ സ്ഥലം ലഭിക്കാനായി അന്വേഷണം നടത്തുകയാണെന്നും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. 33 കെ.വി. വലിയകുന്ന്, 33 കെ.വി. കോട്ടക്കൽ സബ്സ്റ്റേഷനുകൾക്ക് ആവശ്യമായ സ്ഥലവും ലഭ്യമായിട്ടില്ല എന്നും, ടി സബ്സ്റ്റേഷനുകൾക്കാവശ്യമായ ഭൂമി ലഭ്യമാക്കാൻ തയ്യാറായ സ്ഥലം ഉടമകളെ ഇനിയും കണ്ടെത്തുന്നതിനുള്ള അന്വേഷണം പുരോഗമിക്കുകയാണ് എന്നും, ടി സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിന്റെ പ്രാരംഭ ഘട്ടത്തിലെ ലോഡ്ഫ്ലോ സ്റ്റഡി നടത്തിയിട്ടുണ്ട് എന്നും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി DPR, ഭരണാനുമതി തുടങ്ങിയവ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണം ആരംഭിക്കാനാകു എന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

**<u>33 കെ.വി. ഒതുക്കുങ്ങൽ സബ്സ്റ്റേഷൻ -</u>** കോട്ടക്കൽ മണ്ഡലത്തിൽ 33 കെ.വി. ഒതുക്കുങ്ങൽ സബ്സ്റ്റേഷനിൽ രണ്ട് 5 MVA ട്രാൻസ്ഫോർമറുകളുടെ ശേഷി 1x5 MVA + 2x8 MVA ആക്കി ഉയർത്തുന്ന പ്രവൃത്തിയുടെ ഭരണാനുമതിയും, സാങ്കേതിക അനുമതിയും ലഭ്യമായിട്ടുള്ളതായും ഇതിന്റെ പശ്ചാത്തലത്തിൽ ഒരു അഡീഷണൽ 5 MVA

| | | | |
|---|---|---|---|
| | | | ട്രാൻസ്ഫോർമർ വയ്ക്കുന്ന പ്രവൃത്തിയും, കൺട്രോൾ റൂം വിപുലീകരണവും പൂർത്തീകരിച്ചിട്ടുണ്ട്. 2 എണ്ണം 8 MVA ട്രാൻസ്ഫോർമറുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഇതിനോടനുബന്ധിച്ചുള്ള മറ്റു പ്രവൃത്തികൾ രണ്ട് മാസത്തിനകം പൂർത്തീകരിക്കാനാകുമെന്നും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ